**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3862** **27-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ബ്ലോക്കിൽ ക്ഷീരവികസന സർവീസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, വൈക്കോൽ വിതരണ പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള കാലിത്തീറ്റ ധനസഹായ പദ്ധതി, ഗ്രാമീണ വിജ്ഞാന പ്രവർത്തനങ്ങളും ഉപദേശക സേവനങ്ങളും കൂടാതെ എൽ.എസ്.ജി.ഡി പദ്ധതികളായ പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി എന്നിവ 2023-24 സാമ്പത്തിക വർഷത്തിൽ ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ എറണാകുളം ജില്ലയ്ക്ക് അനുവദിക്കപ്പെടുന്ന ആകെ ഭൗതിക ലക്ഷ്യത്തിന് ആനുപാതികമായും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവീസ് യൂണിറ്റ് കൂടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവീസ് യൂണിറ്റ് കൂടി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ